No.CEE/3737/2012/KEAM-2013/TA1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

### 2013 ലെ കേരള മെഡിക്കൽ (MBBS & BDS ഒഴികെ)/അഗ്രികൾച്ചറൽ/വെറ്ററിനറി/ഫിഷറീസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകളും ആർക്കിടെക്ച്ചർ കോഴ്സിനും, നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ MBBS/BDS കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റും

1.സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ താഴെ കൊടുത്തിരിക്കുന്ന ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2013-14 വർഷത്തെ പ്രവേശനത്തിനുള്ള പരീക്ഷകൾക്കും നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET-UG) പ്രകാരം സി.ബി.എസ്.ഇ നൽകുന്ന കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ MBBS/BDS കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ്/അഡ്മിഷനും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| **(എ) മെഡിക്കൽ** | : | (i) ബി.എ.എം.എസ്. (ii) ബി.എച്ച്.എം.എസ്. (iii) ബി.എസ്.എം.എസ്. |
| **(ബി) അഗ്രിക്കൾച്ചർ** | : | (i) ബി.എസ്സി. ഓണേഴ്സ് (അഗ്രിക്കൾച്ചർ) (ii) ബി.എസ്സി. ഓണേഴ്സ് (ഫോറസ്ട്രി) |
| **(സി) വെറ്ററിനറി** | : | ബി.വി.എസ്സി. & എ.എച്ച്. |
| **(ഡി) ഫിഷറീസ്** | : | ബി.എഫ്.എസ്സി. |
| **(ഇ) എഞ്ചിനീയറിംഗ്** | : | ബി.ടെക്. ഡിഗ്രി കോഴ്സുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്. അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, ബി.ടെക്. ഫുഡ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക്. ഡയറി സയൻസ് & ടെക്നോളജി കോഴ്സ്, |
| **(എഫ്) ആർക്കിടെക്ച്ചർ** | : | ബി.ആർക്ക്. (അലോട്ട്മെന്റ്/അഡ്മിഷൻ മാത്രം) |
| **(ജി) എം.ബി.ബി.എസ്/ ബി.ഡി.എസ്** | : | അലോട്ട്മെന്റ്/അഡ്മിഷൻ മാത്രം |

**കുറിപ്പ്:** മേൽപ്പറഞ്ഞ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

### എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പരീക്ഷ നടത്തുന്നതല്ല. സി.ബി.എസ്.ഇ നൽകുന്ന NEET-UG യുടെ കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണർ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് അലോട്ട്മെന്റ്/അഡ്മിഷൻ നടത്തുന്നതായിരിക്കും.

സംസ്ഥാനത്ത് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സി.ബി.എസ്.ഇ നടത്തുന്ന NEET-UG 2013 പരീക്ഷ എഴുതി നിശ്ചിത യോഗ്യതാ മാർക്ക് നേടി കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഇടം നേടിയിരിക്കണം. അത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in മുഖേന അപേക്ഷ

സമർപ്പിക്കേണ്ടതും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും, NEET-UG ക്ക് അപേക്ഷിച്ചപ്പോൾ ലഭിച്ച കൺഫർമേഷൻ പേജിന്റെ പകർപ്പും ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ യഥാസമയം എത്തിക്കേണ്ടതാണ്.

NEET (UG) 2013 ന്റെ കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ KEAM-2013 പ്രോസ്പെക്ടസ് പ്രകാരം അവരുടെ തദ്ദേശീയത (Nativity) തെളിയിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികളെ MBBD/BDS കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല.

**ആർക്കിടെക്ച്ചർ കോഴ്സുകൾ:**

ബി.ആർക്ക്. പ്രവേശനത്തിനായി സംസ്ഥാനതലത്തിൽ പ്രത്യേകം പ്രവേശന പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ഈ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആർക്കിടെക്ച്ചർ (NIASA) ദേശീയ തലത്തിൽ നടത്തുന്ന "നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഫോർ ആർക്കിടെക്ച്ചർ" (**NATA**) പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. അത്തരം വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ യഥാസമയം എത്തിക്കേണ്ടതാണ്.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ** :

I. **നേറ്റിവിറ്റി** : അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇൻഡ്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് അപേക്ഷിക്കുന്നവരെ, കേരളീയൻ (Keralite), കേരളീയേതരൻ I-ാം വിഭാഗം (NK-I), കേരളീയേതരൻ II-ാം വിഭാഗം (NK-II) എന്നിങ്ങനെ തരം തിരിക്കും.

(A) **കേരളീയൻ:** അപേക്ഷകനോ, മാതാപിതാക്കളോ കേരളത്തിൽ ജനിച്ചതാണെങ്കിൽ അപേക്ഷാർത്ഥിയെ കേരളീയനായി തരംതിരിക്കും. കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളേയും കേരളീയരായി പരിഗണിക്കും. എന്നാൽ ഈ വിദ്യാർത്ഥികൾ സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിന് അർഹരല്ല.

(B) **കേരളീയേതരൻ I-ാം വിഭാഗം:** കേരളത്തിലല്ല ജനിച്ചതെങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ 1- ാം വിഭാഗം ആയി കണക്കാക്കുന്നതാണ്.

(i) കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട ഇന്ത്യാ ഗവണ്മെന്റ് ജീവനക്കാരുടേയും പ്രതിരോധ വകുപ്പ് ജീവനക്കാരുടേയും മക്കൾ, അവർ കേരളത്തിൽ യോഗ്യതാ പരീക്ഷക്ക് പഠിച്ചവരായിരിക്കണം.

(ii) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവരുടെ മക്കൾ, അവർ കേരളത്തിൽ യോഗ്യതാ പരീക്ഷക്ക് പഠിച്ചവരായിരിക്കണം.

(iii) പന്ത്രണ്ട് വർഷക്കാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള അപേക്ഷകർ

(iv) കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള അപേക്ഷകർ

കേരളീയേതരൻ I-ാം വിഭാഗം അപേക്ഷാർത്ഥികളെ എഞ്ചിനീയറിംഗ്/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ 'സ്റ്റേറ്റ് മെരിറ്റ്' സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതാണ്. സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനു ഇവർക്ക് അർഹതയില്ല.

(C) **കേരളീയേതരൻ II-ാം വിഭാഗം:** കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നീ വിഭാഗങ്ങളിൽപെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി തരംതിരിക്കും. സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ

മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേയ്ക്കും മാത്രമേ ഇവരെ പരിഗണിക്കുകയുള്ളു.

## II. വിദ്യാഭ്യാസ യോഗ്യത

### (a) മെഡിക്കൽ, അഗ്രിക്കൾച്ചറൽ കോഴ്സുകൾ

(i) എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായുള്ള യോഗ്യതാ മാനദണ്ഡം NEET (UG) ക്ക് വേണ്ടി സി.ബി.എസ്.ഇ യോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും

(ii) മറ്റ് മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള (BHMS/BAMS/BSMS) പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോളജിയുടെ അഭാവത്തിൽ BAMS, BSMS എന്നീ കോഴ്സുകൾക്ക് ബയോടെക്നോളജി പരിഗണിക്കുന്നതാണ്.

(iii) അഗ്രിക്കൾച്ചർ കോഴ്സുകളിലേയ്ക്കുള്ള (BSc.(Hon) Agri., BSc (Hons.) Forestry, BFSc.) പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ അർഹരാണ്.

(iv) 1993-ലെ വെറ്ററിനറി എഡ്യൂക്കേഷൻ ഡിഗ്രി കോഴ്സ് (BVSc & AH) റെഗുലേഷൻ 5 അനുസരിച്ച്, BVSc & AH കോഴ്സിനു പ്രവേശനം നേടുന്നതിന് അപേക്ഷകർ 6.2.1(a) വകുപ്പിൽ പറയുന്ന നിബന്ധനയ്ക്കു പുറമേ യോഗ്യതാ പരീക്ഷയിൽ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തം 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. പ്രോസ്പെക്ടസ് ക്ലോസ്സ് 6.2.4 ൽ പരാമർശിക്കുന്ന ഇളവുകൾ അനുവദനീയമാണ്.

(v) ഫിസിക്സും കെമിസ്ട്രിയും ബയോളജിയും ഐച്ഛിക വിഷയങ്ങളായി കേരള പ്രീഡിഗ്രി, ഹയർ സെക്കന്ററി അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, മുഖ്യ വിഷയത്തിനും ഉപവിഷയത്തിനും മൊത്തത്തിൽ 50% മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി അല്ലെങ്കിൽ ബയോടെക്നോളജി മുഖ്യവിഷയമായും ഇവയിൽ ഒന്നോ രണ്ടോ എണ്ണം ഉപവിഷയമായും എടുത്ത് B.Sc ഡിഗ്രി (ത്രിവത്സര കോഴ്സ്) പാസ്സായ അപേക്ഷകർക്ക് BAMS, BHMS, BSMS കോഴ്സുകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

**(b) എഞ്ചിനീയറിംഗ് കോഴ്സുകൾ:-** (കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്. (അഗ്രി. എഞ്ചിനീയറിംഗ്), ബി.ടെക്. (ഫുഡ് എഞ്ചിനീയറിംഗ്), കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്. (ഡയറി സയൻസ്) കോഴ്സുകൾ ഉൾപ്പെടെ).

(i) കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, മാത്തമാറ്റിക്സിനു മാത്രം 50 ശതമാനവും മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് അർഹരാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണി ക്കുന്നതാണ്.

(ii) എഞ്ചിനീയറിംഗ് പ്രവേശനത്തിന് എഞ്ചിനീയറിംഗ് ഡിപ്ലോമക്കാർക്കായുള്ള സ്പെഷ്യൽ റിസർവേഷൻ ക്വോട്ട **(DE)**: ബോർഡ് ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ് നൽകുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ, അല്ലെങ്കിൽ, തത്തുല്യമെന്ന് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ചിട്ടുള്ളതും, AICTE അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ കുറഞ്ഞപക്ഷം മൂന്നു വർഷം കോഴ്സ് കഴിഞ്ഞു നടന്നതുമായ അവസാന വർഷ ഡിപ്ലോമ

പരീക്ഷയ്ക്ക് കുറഞ്ഞത് 50% മാർക്കോടെ ജയിച്ചവർ പ്രോസ്പെക്ടസ് ക്ലോസ്സ് 5.2.9 പ്രകാരം സ്പെഷ്യൽ റിസർവേഷൻ ക്വാട്ടാ പ്രവേശനത്തിന് അർഹരാണ്.

(iii) മാത്തമാറ്റിക്സ് അഥവാ ബയോളജിക്കു പ്രത്യേകമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്/ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50% മാർക്കും നേടി കേരള ഹയർ സെക്കന്ററിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചവർക്ക്, ബി.ടെക്. (ഡെയറി സയൻസ് & ടെക്നോളജി) കോഴ്സിൽ ഡെയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലെ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

**കുറിപ്പ്:** എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ, കാർഷിക സർവ്വകലാശാല /കേരള വെറ്ററിനറി സർവ്വകലാശാലയുമായി അഫിലിയേറ്റു ചെയ്ത എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിനുള്ള വിദ്യാഭ്യാസ യോഗ്യതയായി അംഗീകരിച്ചിട്ടില്ല.
കേരള വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷ, കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷയ്ക്കു തുല്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്.

**(c) ആർക്കിടെക്ച്ചർ കോഴ്സ്:**

(i) **ബി.ആർക്ക് കോഴ്സിനുള്ള കുറഞ്ഞ യോഗ്യത** : മാത്തമാറ്റിക്സ് ഐച്ഛിക വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള ഹയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായവരായിരിക്കണം അല്ലെങ്കിൽ കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50% മാർക്കോടെ പാസ്സായിരിക്കണം അല്ലെങ്കിൽ പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസ്സായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ.

(ii) പ്രോസ്പെക്ടസ് ക്ലോസ്സ് 6.2.3 (a) പ്രകാരമുള്ള നിബന്ധനയ്ക്കു പുറമേ, അപേക്ഷാർത്ഥികൾ നാറ്റാ (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിൽ 40% സ്കോർ (200 ൽ 80 മാർക്ക്) നേടിയിരിക്കണം. സാമുദായിക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികളും നാറ്റാ സ്കോർ 40% നേടിയിരിക്കണം.

(iii) 5 വർഷം ദൈർഘ്യമുള്ള ആർക്കിടെക്ച്ചർ കോഴ്സിലേക്ക് രണ്ടാം വർഷമോ മറ്റോ ലാറ്ററൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

(iv) ബോർഡ് ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ് നൽകുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യമെന്ന് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ചിട്ടുള്ളതും കുറഞ്ഞപക്ഷം മൂന്നുവർഷം വിദ്യാഭ്യാസ സ്ഥാപനത്തിലെ കോഴ്സ് കഴിഞ്ഞു നടന്നതുമായ അവസാന വർഷ ഡിപ്ലോമ പരീക്ഷയ്ക്ക് കുറഞ്ഞത് 50% മാർക്കോടെ ജയിച്ചവർ അർഹരാണ്.

III. **മാർക്കുകളിൽ ഇളവ്** : സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപെട്ട (02.05.1966 ലെ G.O.(P)208/66/Edn. ഉത്തരവ്, അതിന്റെ ഭേദഗതികൾ, എന്നിവ പ്രകാരം), വാർഷിക കുടുംബവരുമാനം 4.5 ലക്ഷം രൂപ വരെയുള്ള അപേക്ഷകർക്ക് 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്.

(a) MBBS/BDS കോഴ്സുകളിലെ പ്രവേശനത്തിന് SEBC/SC/ST/PD വിഭാഗം അപേക്ഷകർക്ക് NEET (UG) 2013 ന് വേണ്ടി CBSE/MCI കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം യോഗ്യതാ പരീക്ഷയിൽ മാർക്ക് ഇളവ് അനുവദിനീയമാണ്. എന്നാൽ NEET (UG) 2013 ന്റെ കേരള സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും KEAM 2013 പ്രോസ്പക്ടസ് 5.4.2, 5.4.3, 5.3 എന്നീ ക്ലോസുകൾ പ്രകാരം യോഗ്യരായിട്ടുള്ളവരുമായ അപേക്ഷാർത്ഥികളെ മാത്രമേ SEBC/SC/ST/PD സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുകയുള്ളൂ. SEBC വിഭാഗം വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പ്രവേശനത്തിനായി യോഗ്യതാ പരീക്ഷയിൽ മാത്തമാറ്റിക്സിന് പ്രത്യേകമായി 45% മാർക്കും ഐഛിക വിഷയങ്ങൾക്ക് മൊത്തിൽ 45% മാർക്കും നേടിയിരിക്കണം.

(b) മറ്റു കോഴ്സുകൾക്ക് ഐഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45% മാർക്ക് നേടിയാൽ മതിയാകും. MBBS/BDS ഒഴികെയുള്ള കോഴ്സുകൾക്ക് SC/ST വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷയിൽ ജയിച്ചാൽ മാത്രം മതിയാകും. കാലുകൾക്ക് 40% മുതൽ 70% വരെ

കായികക്ഷമത കുറവുള്ള അപേക്ഷകർ 45% മാർക്ക് നേടിയാൽ മതിയാകും. OEC അപേക്ഷകർക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളു.

IV. **വയസ്സ് :** അപേക്ഷകന് 31.12.2013ൽ 17 (പതിനേഴ്) വയസ്സ് പൂർത്തിയായിരിക്കണം.

3. **പ്രവേശന പരീക്ഷകളുടെ സമയ വിവര പട്ടിക** : 2013ലെ പ്രവേശന പരീക്ഷകൾ താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങൾ, ന്യൂഡെൽഹി, ദുബായ് (യു.എ.ഇ.) എന്നിവിടങ്ങളിൽ വച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് സമയമനുസരിച്ച് നടത്തുന്നതായിരിക്കും.

| | | | | |
|---|---|---|---|---|
| **എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ : (ആർക്കിടെക്ച്ചർ ഒഴികെയുള്ള എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)** | | | | |
| 22.04.2013 | തിങ്കൾ | 10.00 am - 12.30 pm | പേപ്പർ - 1 | ഫിസിക്സ് & കെമിസ്ട്രി |
| 23.04.2013 | ചൊവ്വ | 10.00 am - 12.30 pm | പേപ്പർ - 2 | മാത്തമാറ്റിക്സ് |
| **മെഡിക്കൽ പ്രവേശന പരീക്ഷ : (ആയുർവ്വേദം/ഹോമിയോ/സിദ്ധ/അഗ്രിക്കൾച്ചർ/വെറ്ററിനറി/ഫിഷറീസ് കോഴ്സുകൾക്ക്)** | | | | |
| 24.04.2013 | ബുധൻ | 10.00 am - 12.30 pm | പേപ്പർ - 1 | കെമിസ്ട്രി & ഫിസിക്സ് |
| 25.04.2013 | വ്യാഴം | 10.00 am - 12.30 pm | പേപ്പർ - 2 | ബയോളജി |

4. **ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിധം :**

(എ) മെഡിക്കൽ (MBBS/BDS ഒഴികെ), അഗ്രിക്കൾച്ചർ, വെറ്ററിനറി, ഫിഷറീസ്, എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ എന്നീ കോഴ്സുകൾക്ക് അഡ്മിഷൻ നൽകുന്നതിന് വേണ്ടി നടത്തുന്ന പ്രവേശന പരീക്ഷകൾക്കും, ആർക്കിടെക്ച്ചർ, NEET-UG യുടെ അടിസ്ഥാനത്തിലുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റിനും ഓൺലൈനായി ഒരു അപേക്ഷ മാത്രം സമർപ്പിക്കുക. അപേക്ഷ സമർപ്പിക്കേണ്ടത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴിയാണ്. ഒന്നിലധികം അപേക്ഷ സമർപ്പിക്കുന്നവരുടെ അപേക്ഷാർത്ഥിത്വം നിരസിക്കപ്പെടുന്നതാണ്.

(ബി) **അപേക്ഷാ ഫീസ് :** **ജനറൽ വിഭാഗം - 700/- രൂപ**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം - 350/- രൂപ**

താഴെ പറയുന്ന രണ്ട് മാർഗ്ഗങ്ങളിലേതെങ്കിലും ഒന്ന് ഉപയോഗിച്ച് അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

(i) **സെക്യൂരിറ്റി കാർഡ്:** കേരളത്തിനകത്തും പുറത്തുമുള്ള തെരഞ്ഞെടുക്കപ്പെട്ട പോസ്റ്റ് ഓഫീസുകളിൽ നിന്നും നിശ്ചിത ഫീസ് (ജനറൽ വിഭാഗം : 700/- രൂപ, എസ്.സി/എസ്.ടി വിഭാഗം : 350/- രൂപ) നൽകി സെക്യൂരിറ്റി കാർഡ്, പ്രോസ്പെക്ടസ്, ഒരു കവർ എന്നിവ കൈപ്പറ്റാവുന്നതാണ്. സെക്യൂരിറ്റി കാർഡും പ്രോസ്പെക്ടസും ലഭിക്കുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് ഈ വിജ്ഞാപനത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. സെക്യൂരിറ്റി കാർഡ്, പ്രോസ്പെക്ടസ് തുടങ്ങിയവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതല്ല. സെക്യൂരിറ്റി കാർഡിൽ കാണുന്ന സിൽവർ പാനൽ ചുരണ്ടിക്കളയുമ്പോൾ ഒരു കീ നമ്പർ ദൃശ്യമാകും. ഈ കീ നമ്പർ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് '**Payment Details**' നൽകുമ്പോൾ നിർബന്ധമായും നൽകേണ്ട ഒരു രഹസ്യ കോഡാണ്. ഈ രഹസ്യ കോഡ് നൽകിയാൽ മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കുന്നതിനായി അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കാൻ കഴിയുകയുള്ളൂ. തുടർന്ന് അലോട്ട്മെന്റ് ഉൾപ്പെടെയുള്ള പല ആവശ്യങ്ങൾക്കും ഈ കീ നമ്പർ ആവശ്യമാണെന്നതിനാൽ അതു നഷ്ടപ്പെടാതെ സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

(ii) **ഡിമാന്റ് ഡ്രാഫ്റ്റ്**: ഏതെങ്കിലും നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും എടുത്ത പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേർക്ക് തിരുവനന്തപുരത്ത് മാറാവുന്ന തരത്തിലുള്ള

നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസായി പരിഗണിക്കുന്നതാണ്. പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**കുറിപ്പ്:**-വാർഷിക കുടുംബ വരുമാനം **40,000/- രൂപ**യിൽ താഴെയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട **(ST)** വിദ്യാർത്ഥികൾക്ക്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ ഓഫീസുകൾ മുഖേന സെക്യൂരിറ്റി കാർഡ്, പ്രോസ്പെക്ടസ്, കവർ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

(സി) **സെക്യൂരിറ്റി കാർഡ് വിതരണ തീയതികൾ** : സെക്യൂരിറ്റി കാർഡ്, പ്രോസ്പെക്ടസ്, കവർ എന്നിവ **14.01.2013 മുതൽ 08.02.2013 വരെ** തെരഞ്ഞെടുക്കപ്പെട്ട പോസ്റ്റ് ഓഫീസുകളിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

(ഡി) **ദുബായ് പരീക്ഷാ സെന്ററായി തെരഞ്ഞെടുത്തിട്ടുള്ളവർ** : ദുബായ് പരീക്ഷാ സെന്ററായി തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ, അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം പരീക്ഷാ ഫീസായ **700/- രൂപ**യ്ക്ക് പുറമേ സെന്റർ ഫീസായി, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത **10,000/- രൂപ**യുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൂടി ഉൾക്കൊള്ളിച്ചിരിക്കണം. സെന്റർ ഫീസ് ഉൾക്കൊള്ളിക്കാതെ ദുബായ് പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ടാൽ ഇൻഡ്യയിൽ ഏതെങ്കിലും പരീക്ഷാ കേന്ദ്രം മാത്രമേ അനുവദിച്ചുകിട്ടുകയുള്ളൂ. ഇൻഡ്യൻ സ്റ്റാൻഡാർഡ് സമയം അനുസരിച്ചായിരിക്കും പരീക്ഷാ സമയം ക്രമീകരിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

5. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ലഭിക്കേണ്ട അവസാന തീയതിയും സമയവും:** ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകളും **09.02.2013 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്കു മുമ്പായി** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നേരിട്ടോ സ്പീഡ് പോസ്റ്റ്/ രജിസ്ട്രേഡ് പോസ്റ്റ് മുഖാന്തിരമോ എത്തേണ്ടതാണ്. അവധി ദിവസങ്ങളിലും അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

6. **വൈകി ലഭിക്കുന്ന അപേക്ഷകൾ** : നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടും. തപാൽ മുഖാന്തിരമുള്ള കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല. ആയതിനാൽ കഴിവതും നേരത്തെ തന്നെ അപേക്ഷകൾ എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

7. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ **25.03.2013** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡ് പരീക്ഷാ ദിവസം പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖാന്തിരം അയയ്ക്കുന്നതല്ല.

8. **അപേക്ഷയിലെ അപാകതകൾ**

അപേക്ഷയിലെ അപാകതകളെ സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും തപാൽ വഴി അറിയിപ്പുണ്ടാകുന്നതല്ല. സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അപാകതകൾ ഏതെങ്കിലും ഉണ്ടെങ്കിൽ വിദ്യാർത്ഥി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുന്ന സമയത്ത് അവരുടെ ഹോം പേജിൽ അപാകതകളെ സംബന്ധിച്ച വിവരം ദൃശ്യമാക്കുന്നതാണ്. അതുപ്രകാരം സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽത്തന്നെ അവ പരിഹരിച്ച് രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

9. **ഫീസ് ആനുകൂല്യം/സ്കോളർഷിപ്പ് പരിഗണിക്കുന്നതിന് അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം**

'കേരളീയൻ' എന്ന വിഭാഗത്തിൽ പ്പെടുന്ന അപേക്ഷകർ വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരോ കോളേജ് പ്രവേശന അധികൃതരോ അപേക്ഷ സമർപ്പിച്ചശേഷം പ്രഖ്യാപിച്ചേക്കാവുന്ന ഏതെങ്കിലും സ്കോളർഷിപ്പ് അഥവാ ഫീസ് ആനുകൂല്യത്തിനു പരിഗണിക്കപ്പെടണമെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന വേളയിൽതന്നെ വരുമാന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം യാതൊരു കാരണവശാലും പുതുതായി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് അവസരം ലഭിക്കുന്നതല്ല.

പ്രവേശന പരീക്ഷകളും അതിന്റെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. 2013-ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ **www.cee-kerala.org** ൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസിലെ വിവിധ വ്യവസ്ഥകൾ അപേക്ഷകർ അറിഞ്ഞിരിക്കേണ്ടതാണ്.

| |
|---|
| ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ സംസ്ഥാനത്തെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും അക്ഷയ സെന്ററുകളിലും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104

**സിറ്റിസൺസ് കോൾ സെന്റർ - വിളിക്കേണ്ട നമ്പർ**

**ബി.എസ്.എൻ.എൽ. നെറ്റ്വർക്കിൽ നിന്നും**

**ലാൻഡ്ലൈനിൽ നിന്ന് - 155300**

**മൊബൈൽ ഫോണിൽ നിന്ന് - 0471-155300**

**മറ്റ് നെറ്റ്വർക്കുകളിൽ നിന്നും**

**0471- 2115054, 2115098, 2335523**

(ദേശീയ അവധി ദിവസങ്ങൾ ഒഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്)

തിരുവനന്തപുരം
06.01.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**

ഉള്ളടക്കം : സെക്യൂരിറ്റി കാർഡ് വിതരണം ചെയ്യുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ്

# ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്, ഇന്ത്യ

## 2013ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ സെക്യൂരിറ്റി കാർഡ്, പ്രോസ്പെക്ടസ്, കവർ എന്നിവ വിതരണം ചെയ്യുന്ന തെരെഞ്ഞെടുക്കപ്പെട്ട പോസ്റ്റ് ഓഫീസുകൾ

| ക്രമ.നം. | പോസ്റ്റ് ഓഫീസിന്റെ പേര് | ക്രമ.നം. | പോസ്റ്റ് ഓഫീസിന്റെ പേര് |
|---|---|---|---|
| | **തിരുവനന്തപുരം ജില്ല** | | |
| 1 | ആറ്റിങ്ങൽ എച്ച് ഒ | 15 | പേരൂർക്കട |
| 2 | ബാലരാമപുരം | 16 | പൂജപ്പുര |
| 3 | കല്ലമ്പലം | 17 | പോത്തൻകോട് |
| 4 | കരമന | 18 | ശാസ്തമംഗലം |
| 5 | കാട്ടാക്കട | 19 | ശ്രീകാര്യം |
| 6 | കഴക്കൂട്ടം | 20 | തൈക്കാട് എച്ച് ഒ |
| 7 | കേരള യൂണിവേഴ്സിറ്റി ആഫീസ് കാമ്പസ് | 21 | തിരുവനന്തപുരം ബീച്ച് പി ഒ |
| 8 | കിളിമാനൂർ | 22 | തിരുവനന്തപുരം ഫോർട്ട് പി ഒ |
| 9 | മെഡിക്കൽ കോളേജ് പി ഒ | 23 | തിരുവനന്തപുരം ജി.പി.ഒ |
| 10 | നാലാഞ്ചിറ | 24 | വർക്കല |
| 11 | നെടുമങ്ങാട് | 25 | വട്ടിയൂർക്കാവ് |
| 12 | നെയ്യാറ്റിൻകര എച്ച് ഒ | 26 | വെമ്പായം |
| 13 | പാറശ്ശാല | 27 | വെഞ്ഞാറമൂട് |
| 14 | പട്ടം പാലസ് പി ഒ | 28 | വിഴിഞ്ഞം |
| | **കൊല്ലം ജില്ല** | | |
| 29 | അഞ്ചൽ | 37 | കൊട്ടിയം |
| 30 | ചാത്തന്നൂർ | 38 | കുണ്ടറ |
| 31 | ചവറ | 39 | ഓച്ചിറ |
| 32 | കരുനാഗപ്പള്ളി എച്ച് ഒ | 40 | പറവൂർ |
| 33 | കിളികൊല്ലൂർ | 41 | പത്തനാപുരം |
| 34 | കൊല്ലം കച്ചേരി പി ഒ | 42 | പുലമൺ |
| 35 | കൊല്ലം എച്ച് ഒ | 43 | പുനലൂർ |
| 36 | കൊട്ടാരക്കര എച്ച് ഒ | | |
| | **പത്തനംതിട്ട ജില്ല** | | |
| 44 | അടൂർ എച്ച് ഒ | 49 | പന്തളം |
| 45 | കോന്നി | 50 | പത്തനംതിട്ട എച്ച് ഒ |
| 46 | കോഴഞ്ചേരി | 51 | റാന്നി |
| 47 | മല്ലപ്പള്ളി | 52 | തിരുവല്ല എച്ച് ഒ |
| 48 | മഞ്ഞാടി ജംങ്ഷൻ പി ഒ | | |
| | **ആലപ്പുഴ ജില്ല** | | |
| 53 | ആലപ്പുഴ എച്ച് ഒ | 58 | കായംകുളം എച്ച് ഒ |
| 54 | ചെങ്ങന്നൂർ എച്ച് ഒ | 59 | മാവേലിക്കര എച്ച് ഒ |
| 55 | ചേർത്തല എച്ച് ഒ | 60 | പുളിങ്കുന്ന് |
| 56 | ഹരിപ്പാട് | 61 | സനാതനപുരം |
| 57 | കാർത്തികപള്ളി | | |

| | | | |
|---|---|---|---|
| **കോട്ടയം ജില്ല** | | | |
| 62 | അരുണാപുരം | 75 | കുടമാളൂർ |
| 63 | ചങ്ങനാശ്ശേരി എച്ച് ഒ | 76 | കുമാരനല്ലൂർ |
| 64 | ചങ്ങനാശ്ശേരി എസ്.ബി. കോളേജ് | 77 | മണർകാട് |
| 65 | ചിങ്ങവനം | 78 | മണിമല |
| 66 | ഈരാറ്റുപേട്ട | 79 | മുണ്ടക്കയം |
| 67 | എരുമേലി | 80 | പാലാ എച്ച് ഒ |
| 68 | ഏറ്റുമാനൂർ | 81 | പാമ്പാടി |
| 69 | ഗാന്ധിനഗർ, കോട്ടയം | 82 | പി.ഡി. ഹിൽസ് പി ഒ, കോട്ടയം |
| 70 | കങ്ങഴ | 83 | പുതുപ്പള്ളി |
| 71 | കാഞ്ഞിരപ്പള്ളി എച്ച് ഒ | 84 | ഉഴവൂർ |
| 72 | കറുകച്ചാൽ | 85 | വൈക്കം എച്ച് ഒ |
| 73 | കോട്ടയം കളക്ടറേറ്റ് | 86 | വാകത്താനം |
| 74 | കോട്ടയം എച്ച് ഒ | | |
| **ഇടുക്കി ജില്ല** | | | |
| 87 | കട്ടപ്പന എച്ച് ഒ | 90 | നെടുംങ്കണ്ടം |
| 88 | കുമിളി | 91 | പീരുമേട് |
| 89 | മൂന്നാർ | 92 | തൊടുപുഴ എച്ച് ഒ |
| **എറണാകുളം ജില്ല** | | | |
| 93 | ആലുവ | 101 | കോതമംഗലം |
| 94 | അങ്കമാലി | 102 | മൂവാറ്റുപുഴ |
| 95 | ഇടപ്പള്ളി | 103 | നോർത്ത് പറവൂർ |
| 96 | എറണാകുളം എച്ച് ഒ | 104 | പാലാരിവട്ടം |
| 97 | എറണാകുളം എം.ജി. റോഡ് | 105 | പെരുമ്പാവൂർ |
| 98 | കാക്കനാട് | 106 | തൃപ്പൂണിത്തുറ |
| 99 | കൊച്ചി എച്ച് ഒ | 107 | വൈറ്റില, എറണാകുളം |
| 100 | കൂത്താട്ടുകുളം | | |
| **തൃശ്ശൂർ ജില്ല** | | | |
| 108 | ചാലക്കുടി എച്ച് ഒ | 113 | തൃശ്ശൂർ ഈസ്റ്റ് പി ഒ |
| 109 | ഗുരുവായൂർ | 114 | തൃശ്ശൂർ എച്ച് ഒ |
| 110 | ഇരിഞ്ഞാലക്കുട | 115 | തൃശ്ശൂർ സിറ്റി പി ഒ |
| 111 | കൊടുങ്ങല്ലൂർ | 116 | വാടാനപ്പള്ളി |
| 112 | കുന്നംകുളം | 117 | വടക്കാഞ്ചേരി എച്ച് ഒ |
| **പാലക്കാട് ജില്ല** | | | |
| 118 | ആലത്തൂർ എച്ച് ഒ | 123 | പാലക്കാട് എച്ച് ഒ |
| 119 | ചിറ്റൂർ | 124 | പട്ടാമ്പി |
| 120 | മണ്ണാർക്കാട് | 125 | ഷൊർണ്ണൂർ |
| 121 | ഒലവകോട് എച്ച് ഒ | 126 | വടക്കഞ്ചേരി |
| 122 | ഒറ്റപ്പാലം എച്ച് ഒ | | |

| | | | |
|---|---|---|---|
| **മലപ്പുറം ജില്ല** | | | |
| 127 | കോട്ടയ്ക്കൽ | 132 | പെരിന്തൽമണ്ണ |
| 128 | കുറ്റിപ്പുറം | 133 | പൊന്നാനി എച്ച് ഒ |
| 129 | മലപ്പുറം എച്ച് ഒ | 134 | തിരൂർ എച്ച് ഒ |
| 130 | മഞ്ചേരി എച്ച് ഒ | 135 | വളാഞ്ചേരി |
| 131 | നിലമ്പൂർ | | |
| **കോഴിക്കോട് ജില്ല** | | | |
| 136 | കാലിക്കട്ട് സിവിൽ സ്റ്റേഷൻ എച്ച് ഒ | 141 | കുന്നമംഗലം |
| 137 | കാലിക്കട്ട് എച്ച് ഒ | 142 | മേപ്പയൂർ |
| 138 | മാവൂർ | 143 | തിരുവമ്പാടി |
| 139 | ഫെറോക്ക് | 144 | വടകര എച്ച് ഒ |
| 140 | കൊയിലാണ്ടി എച്ച് ഒ | | |
| **വയനാട് ജില്ല** | | | |
| 145 | കൽപ്പറ്റ എച്ച് ഒ | 147 | സുൽത്താൻ ബത്തേരി |
| 146 | മാനന്തവാടി | 148 | താമരശ്ശേരി |
| **കണ്ണൂർ ജില്ല** | | | |
| 149 | ഇരിട്ടി | 153 | പയ്യന്നൂർ |
| 150 | കണ്ണൂർ സിവിൽ സ്റ്റേഷൻ | 154 | ശ്രീകണ്ഠപുരം |
| 151 | കണ്ണൂർ എച്ച് ഒ | 155 | തലശ്ശേരി |
| 152 | മട്ടന്നൂർ | 156 | തളിപ്പറമ്പ |
| **കാസർഗോഡ് ജില്ല** | | | |
| 157 | കാഞ്ഞങ്ങാട് എച്ച് ഒ | 159 | മഞ്ചേശ്വർ |
| 158 | കാസർഗോഡ് എച്ച് ഒ | 160 | നീലേശ്വരം |

## കേരളത്തിനു പുറത്തുള്ള പോസ്റ്റ് ഓഫീസുകൾ

| | | | |
|---|---|---|---|
| 1 | **ബാംഗ്ലൂർ**<br>ബാംഗ്ലൂർ ജി.പി.ഒ - 560 001<br>ഫോൺ : 080 - 22868652 | 5 | **ഹൈദരാബാദ്**<br>ഹൈദരാബാദ് ജി.പി.ഒ - 500 001<br>ഫോൺ : 040 - 23463515 |
| 2 | **ഭോപ്പാൽ**<br>**ഭോപ്പാൽ** ജി.പി.ഒ - 462 001<br>ഫോൺ : 755 - 2673272 | 6 | **ലഖ്നൗ**<br>ലഖ്നൗ ജി.പി.ഒ - 226 001<br>ഫോൺ : 0522 - 2237908 |
| 3 | **ചാണ്ഠിഗർ**<br>ചാണ്ഠിഗർ ജി.പി.ഒ - 160 017<br>ഫോൺ : 0172 - 2703716 | 7 | **മുംബൈ**<br>മുംബൈ ജി.പി.ഒ - 400 001<br>ഫോൺ : 022 - 22620693 |
| 4 | **ചെന്നൈ**<br>ചെന്നൈ ജി.പി.ഒ - 600 001<br>ഫോൺ : 044 - 25216766 | 8 | **ന്യൂഡെൽഹി**<br>ന്യൂഡെൽഹി ജി.പി.ഒ - 110 001<br>ഫോൺ : 011 - 23743602 |